**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2897** **18-03-2022 - ൽ മറുപടിയ്ക്ക്**

**വനം-റവന്യൂ ഭൂമി സംബന്ധിച്ച് തർക്കം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **null**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനം-റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി അതിർത്തി നിശ്ചയിക്കാത്തത് കാരണം കർഷകരും വനം വകുപ്പ് ഉദ്യോഗസ്ഥരും തമ്മിൽ നിരന്തരമായി സംഘർഷമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഏതൊക്കെ വില്ലേജുകളിലാണ് വനം-റവന്യൂ ഭൂമി സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതെന്നും ഇത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ കോടഞ്ചേരി, തിരുവമ്പാടി, കൂരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപാറ വില്ലേജുകളിൽ 01.01.1977 ന് ശേഷമുള്ള വനഭൂമി കയ്യേറ്റമുണ്ട്. അത് സംയുക്ത സർവ്വേ നടത്താനോ, റഗുലറൈസ് ചെയ്യാനോ നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം സാധ്യമല്ല. ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുള്ളതാണ്. മേൽ സ്ഥലങ്ങളിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വനം വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 02.07.2021 ന് യോഗം ചേർന്നിരുന്നു. മേൽ യോഗത്തിൽ നിലവിലുള്ള ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.01.1977 ന് മുമ്പുള്ള കയ്യേറ്റ ഭൂമിയുടെ റഗുലറൈസേഷൻ നടപടി റവന്യൂ വകുപ്പ് ത്വരിതപ്പെടുത്താനും, 01.01.1977 ന് ശേഷമുള്ള കയ്യേറ്റങ്ങളിൽ എതിർപ്പില്ലാത്തയിടത്ത് സർവ്വേ ചെയ്ത് ജണ്ട കെട്ടാനും അല്ലാത്തിടത്ത് കയ്യേറ്റത്തിന്റെ വിസ്തൃതി റിപ്പോർട്ട് ചെയ്യാനുമാണ് തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ